

വി. പത്രോസ്
വി. പൗലോസ്
ടച്ച് മീ
TOUCH ME
ജൂൺ
2026

First Holy Communion



# RYAN PIUS

Chirammal House
YMCA Road, Kunnamkulam



# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2026 ജൂൺ | ലക്കം : 10

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : **ജാക്വിലിൻ വിനു** -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : **അനീന മരിയ ഷാജി** -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : **റിജി പ്രിൻസ്** -7902232331
നാളാകമം ഇൻചാർജ്ജ്: **സാന്ദ്ര വി.എം.**-6282284467
വാർത്തകൾ ഇൻചാർജ്ജ് : **സാനിയ വി.എം.**-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| മുറിവ് ഉണങ്ങാത്ത ഹൃദയം | 4 |
| ഇടവക വാർത്തകൾ | 5 |
| ഡീക്കനച്ചന്റെ കത്ത് | 9 |
| വിശ്വാസപരിശീലനം | 11 |
| സഭാവാർത്തകൾ | 12 |
| You are my witnesses... | 13 |
| മേരിമാതാ വാർഷികം | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സെന്റ് ജോസഫ് വാർഷികം | 17 |
| വൃക്കദാനം അപകടകരമാണോ? | 19 |
| മിഴിവിളക്ക് | 20 |
| സെന്റ് ആന്റണി വാർഷികം | 21 |
| സെന്റ് ജോർജ്ജ് വാർഷികം | 22 |
| സംഘടനാ വാർത്തകൾ | 23 |
| ഇടവക ആൽബം | 25 |
| വഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| ചിൽഡ്രൻസ് കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.15 am**
**സാധാരണ ദിവസം 6.30 am**
**വെള്ളി 6.00 pm**

എഡിറ്റോറിയൽ...

# തിരുഹൃദയമാസം

ജൂൺ മാസം സഭ "തിരുഹൃദയ മാസം" ആയി ആചരിക്കുന്നു. മനുഷ്യരോടുള്ള യേശുവിന്റെ അതിരില്ലാത്ത സ്നേഹത്തെയും കരുണയെയും ഓർമ്മിപ്പിക്കുന്ന വിശുദ്ധമായ സമയമാണിത്. കുരിശിൽ തന്റെ ഹൃദയം തുറന്ന് ലോകത്തിനായി സ്നേഹം പകർന്ന യേശുവിന്റെ തിരുഹൃദയം ഓരോ വിശ്വാസിയെയും സ്നേഹത്തിന്റെയും ക്ഷമയുടെയും വഴിയിലേക്ക് ക്ഷണിക്കുന്നു.

ഇന്നത്തെ ലോകം പലവിധ അസ്വസ്ഥതകളും സംഘർഷങ്ങളും സ്വാർത്ഥതയും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. മനുഷ്യബന്ധങ്ങൾ പോലും പലപ്പോഴും തകർന്നുപോകുന്ന ഈ കാലഘട്ടത്തിൽ, യേശുവിന്റെ തിരുഹൃദയം നമ്മെ സഹനത്തിന്റെയും കരുണയുടെയും ആത്മാർത്ഥ സ്നേഹത്തിന്റെയും മഹത്വം പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ വേദന മനസ്സിലാക്കാനും, സഹായഹസ്തം നീട്ടാനും, ക്ഷമിക്കാനും, സമാധാനം വിതറാനും ഈ മാസം നമ്മെ പ്രചോദിപ്പിക്കുന്നു.

തിരുഹൃദയ ഭക്തി വെറും പ്രാർത്ഥനകളിൽ മാത്രം ഒതുങ്ങുന്നതല്ല; അത് ജീവിതശൈലിയാണ്. കുടുംബത്തിൽ സ്നേഹം വളർത്തുക, ദുർബലരെ കരുതുക, നിരാശരായവരെ ആശ്വസിപ്പിക്കുക, ദൈവസ്നേഹം പ്രവൃത്തികളിലൂടെ പ്രകടിപ്പിക്കുക  ഇതെല്ലാം തിരുഹൃദയ ഭക്തിയുടെ യഥാർത്ഥ രൂപങ്ങളാണ്.

ഈ തിരുഹൃദയ മാസത്തിൽ നമ്മുടെ ഹൃദയങ്ങളെയും യേശുവിന്റെ ഹൃദയത്തോട് ചേർക്കാം. അഹങ്കാരവും വൈരാഗ്യവും മാറ്റി സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദീപങ്ങളാകാൻ നമുക്ക് ശ്രമിക്കാം. യേശുവിന്റെ തിരുഹൃദയം ഓരോ കുടുംബത്തിലും സമാധാനവും പ്രത്യാശയും നിറക്കട്ടെ.

ടച്ച് മീ
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

നല്ല മഞ്ഞുള്ള ഒരു പ്രഭാതം
ഒരു കുഞ്ഞ് തെരുവിൽ നിന്ന് പ്രാർത്ഥിക്കുകയാണ്
ദൈവമേ എനിക്കൊരു ജോഡി ചെരുപ്പു തരണേ
ഒരു മദ്ധ്യവയസ്കയായ സ്ത്രീ ഈ പ്രാർത്ഥന കേട്ടു
അവർ ആ കുഞ്ഞിനേയും കൂട്ടി
ഒരു ഷൂമാർട്ടിലേക്ക് പ്രവേശിച്ചു
ഏറ്റവും നല്ല ഒരു ജോഡി ഷൂസ് വാങ്ങി
അതിന്റെ ലെയിസൊക്കെ കെട്ടിക്കൊടുക്കുമ്പോൾ
കുഞ്ഞ് ആ സ്ത്രീയോട് ചോദിച്ചു;
"ആന്റീ, നിങ്ങളാണോ ദൈവത്തിന്റെ ഭാര്യ?"
അപരന് ആവശ്യമുള്ളതെന്തെന്ന് തിരിച്ചറിഞ്ഞ്
അത് നൽകുന്നതാണ് യഥാർത്ഥ കാരുണ്യം.

**മനഃപാഠമാക്കാൻ**

"കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല;
അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല"

(വിലാ: 3-22)

"നിങ്ങളിൽ കരുണയും സമാധാനവും സ്നേഹവും
സമൃദ്ധമായി ഉണ്ടാകട്ടെ"

(യൂദാസ് 1:2)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# മുറിവ് ഉണങ്ങാത്ത ഹൃദയം

**സിസ്റ്റർ ബെൻസി CMC**



ഈശോയുടെ ഹൃദയത്തിന്റെ മുറിവ് ഒരിക്കലും ഉണങ്ങുന്നില്ല. എല്ലാവരുടേയും മുറിവ് ഉണക്കുന്ന നമ്മുടെ ഈശോ. അവന്റെ മുറിവ് ഉണക്കാൻ ശ്രമിക്കുന്നില്ല. കാരണം ആ മുറിവ് ഉണങ്ങിയാൽ നമുക്ക് രക്ഷയില്ല, നിലനില്പില്ല. ചങ്ക് തുറന്ന് കാണിച്ചാലും വിശ്വസിക്കാത്ത ഈ ലോകത്തിൽ ഹൃദയം കീറി എനിക്ക് മുൻപിൽ പ്രത്യക്ഷനാകുന്നു. ആത്മാർത്ഥ സ്നേഹം എന്നത് അന്യം നിന്ന് പോകുന്ന ഈ സമൂഹത്തിന് മുൻപിൽ നിന്നാണ് രക്തം വാർന്നൊലിക്കുന്ന അവന്റെ ഹൃദയത്തെ നാം കാണുന്നത്. ലോകം കാണിക്കുന്ന സുഖങ്ങൾക്ക് പിന്നാലെ ഓടിയവനല്ല ഈശോ. യേശുവിന്റെ രക്തം നമ്മെ എല്ലാ പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നു. പാപഭാരത്താൽ എന്റെ ശിരസ്സ് കുനിയാതിരിക്കാൻ വേണ്ടിയല്ലേ ഏറ്റവും വലിയ പാപിയായി ഗാഗുൽത്തായിൽ അവൻ ഹൃദയം കുത്തി തുറന്നത്. അപഹാസ്യങ്ങളിൽ, വേദനകളിൽ, ഞാൻ തളരാതിരിക്കാൻ വേണ്ടിയല്ലേ അപരാധിയായി അവൻ ഗണിക്കപ്പെട്ടത്. ചങ്ക് കുത്തിതുറന്നപ്പോഴും അവൻ സൗഖ്യം മാത്രം നൽകിയില്ലേ. നിന്റെ ഹൃദയഭാവങ്ങൾ എന്റെ ഹൃദയത്തിലും ആലേഖനം ചെയ്യാൻ അനുഗ്രഹിക്കണമെ. അപരനുവേണ്ടി മുറിപ്പെട്ട ഒരു ഹൃദയം സൂക്ഷിക്കാൻ എനിക്കും സാധിക്കട്ടെ. എന്റെ ഹൃദയത്തിന് ഒരു ചെറിയ പോറൽ ഏറ്റാൽ എന്തുമാത്രം കോലാഹലങ്ങൾ ഞാൻ സമൂഹത്തിലും, കുടുംബത്തിലും നൽകും. നിന്നോടുള്ള സ്നേഹത്താൽ ജ്വലിക്കേണ്ട ഹൃദയം ഇപ്പോഴും തണുത്തുറഞ്ഞ് ചാരം മൂടി കിടക്കുന്നു.

അപരന്റെ വിശപ്പിന് നേരെ കണ്ണടച്ച് ഞാൻ എന്റെ വിശപ്പടക്കുന്നു. ദൈവമെ, നിന്നിൽ ഞാൻ ശരണം പ്രാപിക്കുന്നു എന്ന് അധരംകൊണ്ട് ഏറ്റുപറഞ്ഞ് ഹൃദയത്തിൽ ശങ്കിക്കുന്നു. നാഥാ മാപ്പ് എന്ന് തിരുമുമ്പിലുണർത്തിച്ച് നിന്റെ മുമ്പിൽ ഞാൻ അണയുന്നു. നാഥാ നിന്റെ സ്നേഹത്തിന്റെ മുറിവ് എന്റെ ഹൃദയത്തിന് നീ വരമായി നൽകണമെ.

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

# ഇടവക ചെറിയ തിരുനാൾ

## വി. അന്തോണീസിന്റെ തിരുനാൾ ജൂൺ 13ന്
## കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ



2026 ജൂൺ 6 ശനി - തിരുനാൾ കൊടികയറ്റം
രാവിലെ 6.30ന് : ഇടവക ദൈവാലയത്തിൽ
വൈകീട്ട് 6.30ന് : സെന്റ് ആന്റണീസ് കപ്പേളയിൽ

2026 ജൂൺ 6 മുതൽ 12 വരെ രാവിലെ 6.30ന്
ഇടവക ദേവാലയത്തിൽ തിരുനാളിന് ഒരുക്കമായി
വി. കുർബാന | നേർച്ച വിതരണം

2026 ജൂൺ 6 മുതൽ ജൂൺ 12 വരെ വൈകീട്ട് 6.30ന്
സെന്റ് ആന്റണീസ് കപ്പേളയിൽ
ലദ്ദീഞ്ഞ് | നൊവേന | നേർച്ച വിതരണം

**ജൂൺ 13 ശനി - തിരുനാൾ ദിനം**

രാവിലെ 6.30ന് ഇടവക ദൈലാവയത്തിൽ
ആഘോഷമായ തിരുനാൾ കുർബാനയും, സന്ദേശവും
തുടർന്ന് സെന്റ് ആന്റണീസ് കപ്പേളയിലേക്ക്
ബൈക്ക് റാലിയുടെ അകമ്പടിയോടെ
വി. അന്തോണീസിന്റെ തിരുശ്ശേഷിപ്പ് എഴുന്നെള്ളിപ്പ്

വൈകീട്ട് 6.30ന് സെന്റ് ആന്റണീസ് കപ്പേളയിൽ
ആരാധനയോടെ തിരുനാൾ വേസ്പര
കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച
ആഘോഷമായ തിരുശേഷിപ്പ് പ്രയാണം
വർണ്ണമഴ | നേർച്ചഊട്ട് കിറ്റ് വിതരണം



Happy
Birthday
Caitlin
Charles
05-06-2026
Hannah
Charles
09-06-2026
D/o. Charles & Mariya
Ellikkal House
Kizhoor, Kunnamkulam
Best Compliments : Vivin Paul, Ancy, Shajan, Shanitha, Roshan, Sariya, Rayhaan




59
Happy
Anniversary
05-06-2026
ജോസ്
റീത്ത ജോസ്
ചൊവ്വല്ലൂർ ഹൗസ്
കോട്ടയിൽ റോഡ്, കുന്നംകുളം
ആശംസകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# ഇടവക വാർത്തകൾ

## ജൂൺ 4 വ്യാഴം : പരി. കുർബാനയുടെ തിരുനാൾ

06.30 am : പരി.കുർബാനയുടെ തിരുനാൾ കുർബാന, സന്ദേശം, തിരുനാൾ പ്രാർത്ഥന ശുശ്രൂഷ & നേർച്ച വിതരണം
(നേതൃത്വം : ഗായകസംഘം)

## ജൂൺ 5 വെള്ളി : മാസാദ്യവെള്ളി ഒന്നാം വെള്ളിയാചരണം & പരിസ്ഥിതി ദിനം

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം
(നേതൃത്വം : പ്രാർത്ഥന ഗ്രൂപ്പ്)

06.00 pm : തിരുഹൃദയ പ്രതിഷ്ഠ, വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ് & നൊവേന & പരി. കുർബാനയുടെ വാഴ്വ്

06.15 pm : വി. കുർബാന & നേർച്ച വിതരണം

07.00 pm : പരിസ്ഥിതി ദിനാചരണം
(നേതൃത്വം : യൂത്ത് സി.എൽ.സി. & കത്തോലിക്കാ കോൺഗ്രസ്സ്

## ജൂൺ 6 ശനി : ഇടവക ചെറിയ തിരുനാൾ കൊടിയേറ്റം

06.30 am : ഇടവക ചെറിയ തിരുനാൾ കൊടിയേറ്റം, ഒന്നാംദിന ഒരുക്ക കുർബ്ബാന & നേർച്ചവിതരണം

06.30 pm : സെന്റ് ആന്റണി കപ്പേളയിൽ ചെറിയ തിരുനാൾ കൊടിയേറ്റം & ആരാധനയോടെ ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം

(**NB** : ജൂൺ 6 മുതൽ 12 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ രാവിലെ 6.30ന് (ഞായറാഴ്ച രാവിലെ 6ന്) ദൈവാലയത്തിൽ വി. കുർബാനയും, വൈകീട്ട് 6.30ന് കപ്പേളയിൽ ആരാധനയോടെ ലദീഞ്ഞും നൊവേനയും തിരുനാൾ ഒരുക്കങ്ങളുടെ ശുശ്രൂഷയുടെ ഭാഗമായി ഉണ്ടായിരിക്കുന്നതാണ്.

## ജൂൺ 7 ഞായർ : വിശ്വാസ പരിശീലന അദ്ധ്യയന വർഷാരംഭം, സ്നോഹോത്സവം 2026 & പി.ടി.എ. പൊതുയോഗം

06.00 am : ഇടവക ചെറിയ തിരുനാൾ ഒരുക്ക കുർബാന

07.30 am : വിശ്വാസ പരിശീലന അദ്ധ്യന വർഷാരംഭം, സ്നഹോത്സവം 2026 & പി.ടി.എ. പൊതുയോഗം

09.15 am : വി. കുർബാന

**ജൂൺ 12 വെള്ളി : ചെറിയ തിരുനാൾ ഒരുക്ക കുർബാന, തിരുഹൃദയ തിരുനാൾ, പ്രാർത്ഥനാ ഗ്രൂപ്പ് ദിനം & തിരുഹൃദയ തണൽ**

| | |
|---|---|
| 06.00 am | : ആരാധനയോടെ തിരുഹൃദയ ജപമാല |
| 06.30 am | : കാഴ്ച സമർപ്പണം, ചെറിയ തിരുനാൾ ഒരുക്ക കുർബാന, തിരുഹൃദയ തിരുനാൾ സന്ദേശം, തിരുഹൃദയ തിരുനാൾ ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം |
| 07.30 am | : പ്രാർത്ഥനാഗ്രൂപ്പ്, പതാകവന്ദനം, വാർഷിക പൊതുയോഗം, തിരുനാൾ കാരുണ്യ സമർപ്പണം, ആദരണീയം, കുടുംബസംഗമം & സ്നേഹവിരുന്ന് (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്) |
| 09.30 am | : തിരുഹൃദയ തണൽ (നേതൃത്വം : യൂത്ത് സി.എൽ.സി.) |

**ജൂൺ 13 ശനി : ഇടവക ചെറിയ തിരുനാൾ - വി. അന്തോണീസ്**

| | |
|---|---|
| 06.00 am | : ആരാധനയോടെ ലദീഞ്ഞ് & നൊവേന |
| 06.30 am | : തിരുനാൾ കുർബാന, തിരുനാൾ സന്ദേശം, കപ്പേളയിലേക്ക് ബൈക്ക് റാലിയോടെ തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് |
| 06.30 pm | : കപ്പേളയിൽ തിരുനാൾ വേസ്പര, കുഞ്ഞന്തോണിമാരുടെ പ്രസുദേന്തി വാഴ്ച, തിരുശേഷിപ്പ് പ്രയാണം, വർണ്ണമഴ, നേർച്ച ഊട്ട് കിറ്റ് വിതരണം & ബാന്റ് വാദ്യം |

**ജൂൺ 14 ഞായർ : വിശ്വാസ പരിശീലന സ്റ്റുഡൻസ് കൗൺസിൽ അദ്ധ്യയന വർഷാരംഭം & സാവിയോ പരീശിലന കളരി**

| | |
|---|---|
| 07.30 am | : വിശ്വാസ പരിശീലന സ്റ്റുഡൻസ് കൗൺസിൽ അദ്ധ്യയന വർഷാരംഭം |
| 10.30 am | : അൾത്താര സംഘാംഗങ്ങൾക്ക് സാവിയോ പരിശീലന കളരി (നേതൃത്വം : അൾത്താരസംഘം) |

**ജൂൺ 15 തിങ്കൾ : വിമല ഹൃദയ തിരുനാൾ & വിമല ഹൃദയ നിറവ്**

| | |
|---|---|
| 06.00 am | : ആരാധനയോടെ ലദീഞ്ഞ് & നൊവേന |
| 06.30 am | : വിമല ഹൃദയ തിരുനാൾ കുർബാന, സന്ദേശം, നേർച്ച വിതരണം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്) |
| 09.30 am | : കാരുണ്യയാത്ര (നേതൃത്വം : പ്രാർത്ഥനാ ഗ്രൂപ്പ്) |
| 05.00 pm | : വിമലഹൃദയ നിറവ് (നേതൃത്വം : യൂത്ത് സി.എൽ.സി.) |

**ജൂൺ 19 വെള്ളി : രണ്ടാം വെള്ളിയാചരണം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥനാ കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & പരി. കുർബാന യുടെ വാഴ്വ്
06.15 pm : വി. കുർബാന & നേർച്ചവിതരണം

**ജൂൺ 20 ശനി : കപ്പേളയിൽ ലദീഞ്ഞ് & നൊവേന**

06.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞ് & നൊവേന

**ജൂൺ 21 ഞായർ : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ അദ്ധ്യയനവർഷാരംഭം & ഉണർവ്വ് പരിശീലന കളരി**

07.30 am : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ അദ്ധ്യയന വർഷാരംഭം
10.30 am : ജൂനിയർ സി.എൽ.സി. അംഗങ്ങൾക്ക് ഉണർവ്വ് പരിശീലന കളരി (നേതൃത്വം : ജൂനിയർ സി.എൽ.സി.)

**ജൂൺ 26 വെള്ളി : മൂന്നാം വെള്ളിയാചരണം**

(**NB** : രാവിലെ വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതല്ല.)

05.00 pm : പ്രാർത്ഥനാ കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & പരി. കുർബാന യുടെ വാഴ്വ്
06.15 pm : വി. കുർബാന & നേർച്ചവിതരണം

**ജൂൺ 28 ഞായർ : ജൂബിലിയേറിയൻസ് ഡേ, വിശ്വാസ പരിശീലന ലൈബ്രറി സ്മാർട്ട് ക്ലാസ്സ് അദ്ധ്യയനവർഷാരംഭം & ലഹരി വിരുദ്ധ ദിനം & ഏയ്ഞ്ചൽസ് ഡേ & കുടുംബകൂട്ടായ്മകൾക്കായുള്ള ഫുട്ബോൾ ടൂർണ്ണമെന്റ്**

06.00 am : ജൂബിലിലേറിയൻസ് ഡേ, വി. കുർബാന (നേതൃത്വം : അൾത്താരസംഘം)
07.30 am : വിശ്വാസ പരിശീലന ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് അദ്ധ്യയന വർഷാ രംഭം
09.15 am : ലഹരി വിരുദ്ധ ദിനം & വി. കുർബാന (നേതൃത്വം : തിരുബാലസഖ്യം)
10.30 am : ഏയ്ഞ്ചൽസ് ഡേ ആരാധന & കുമ്പസാരം
02.00 pm : കെ.സി.വൈ.എം. ദിനത്തിന് ഒരുക്കമായി കുടുംബകൂട്ടായ്മ കൾക്കായുള്ള ഫുട്ബോൾ ടൂർണ്ണമെന്റ് (നേതൃത്വം : കെ.സി.വെ.എം.)

**ജൂലൈ 1 ബുധൻ : വിശ്വാസദീപ്തി എക്സ്പോ 2026**

06.30 am : ദുക്റാന ഒരുക്ക വി. കുർബാന, നൊവേന & വിശ്വാസദീപ്തി എക്സ്പോ 2026 ഉദ്ഘാടനം (നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 2 വ്യാഴം : മാർതോമ കാരുണ്യ കിറ്റ് വിതരണം 2026**

06.30 am : ദുക്റാന ഒരുക്ക വി. കുർബാന, നൊവേന & മാർത്തോമ കാരുണ്യ കിറ്റ് വിതരണോദ്ഘാടനം
(നേതൃത്വം : കെ.സി.വൈ.എം.)

**ജൂലൈ 3 വെള്ളി : ദുക്റാന തിരുനാൾ, നാലാം വെള്ളിയാചരണം & കെ.സി.വൈ.എം. ഡേ**

06.15 am : മാർതോമാശ്ശീഹായുടെ ലദീഞ്ഞ്, നൊവേന, കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം & യുവദീപ്തി സപ്ലിമെന്റ് പ്രകാശനം.

07.30 am : കെ.സി.വൈ.എം. പതാകവന്ദനം & പാലയൂരിലേക്ക് വിശ്വാസ പ്രഘോഷണ ബൈക്ക് റാലി
(നേതൃത്വം : കെ.സി.വൈ.എം.)

05.30 pm : പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണകൊന്ത & കുമ്പസാരം
(നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)


06.00 pm : വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & പരി. കുർബാനക്ക് വാഴ്വ്

06.15 pm : വി. കുർബാന & നേർച്ചവിതരണം

07.00 pm : കെ.സി.വൈ.എം. ഡേ & കുടുംബസംഗമം, സമ്മാന വിതരണം, ആദരണീയം & സ്നേഹവിരുന്ന്
(നേതൃത്വം : കെ.സി.വൈ.എം.)


**ജൂൺ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജൂൺ 07 ഞായർ | സെന്റ് ജോസഫ് കുടുബകൂട്ടായ്മ |
| ജൂൺ 14 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |
| ജൂൺ 21 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂൺ 28 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |


Solemn Holy Communion
Evelyn Johnson
S/o. Johnson C.L. & Femi Johnson
Cheeran House - Kakkad
Best Compliments From
Evan Johnson


Solemn Holy
Communion
Anthonies
Antu E.
Antu Verghese & Saiby Simon
Edappully House
Palace Road, Kunnamkulam
Best Wishes : Eulalia Antu E.


Solemn Holy
Communion
Evaniya
Vinu
D/o. Vinu & Jacqueline
Kachappilly House
Rajadhani Corner
Kizhoor, Kunnakulam
Sharing Happiness : ETHAN VINU & Grand Parents



## ഡീക്കനച്ചന്റെ കത്ത്...

# "ഏയ് എന്തുട്ടെടോ... ഒന്നു ചിരിക്ക് ഇഷ്ടാ..."

**ഡീക്കൻ ജോബിൻ നടയ്ക്കൽ CST**

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

ഒരു ചെറുപുഞ്ചിരിയോടെ നിങ്ങൾ ഈ കുറിപ്പ് വായിച്ചു തുടങ്ങണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ തിരക്കുകളിലും വെല്ലുവിളികളിലും പലപ്പോഴും നമ്മൾ മറന്നുപോകുന്ന ഒരു ദൈവാനുഗ്രഹമാണ് പുഞ്ചിരി. ഒരു ചെറുപുഞ്ചിരി പോലും തളർന്ന മനസ്സുകൾക്ക് പ്രത്യാശ നൽകാനും വേദനയിലുള്ള ഹൃദയങ്ങൾക്ക് ആശ്വാസമാകാനും കഴിയും. സന്തോഷം എന്നത് വെറും വികാരമല്ല; അത് ദൈവസാന്നിധ്യം നിറഞ്ഞ ഒരു ജീവിതത്തിന്റെ അടയാളമാണ്. വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു."എപ്പോഴും സന്തോഷത്തോടെ ഇരിപ്പിൻ" (1 തെസലോനിക്ക 5:16) ദൈവത്തിൽ

**ജൂൺ മാസത്തിൽ വീട് വെഞ്ചരിപ്പ്, പ്രതിഷ്ഠ & വലിയ നോമ്പ് പരിത്യാഗ തുക സമർപ്പണം സ്വീകരിക്കൽ കുടുംബകൂട്ടായ്മകളിലെ ഭവനങ്ങളിൽ താഴെ നൽകുന്ന തിയ്യതികളിൽ വൈകീട്ട് 6.30 മുതൽ 9.30 വരെ വന്ന് നിർവ്വഹിക്കുന്നതായിരിക്കും**

***ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :–***

(i) വീട് അടിച്ചുവാരി തുടച്ച് വെഞ്ചിരിപ്പിനായി ഒരുക്കിയിടണം.
(ii) തിരുഹൃദയ ഇടത്തിൽ തിരികത്തിച്ച് വെച്ചിരിക്കണം.
(iii) കുടുംബഡയറി എടുത്തു വെച്ചിരിക്കണം.
(iv) വലിയ നോമ്പ് പരിത്യാഗ തുക ചെപ്പിൽ നിന്ന് എടുത്ത്, എണ്ണി തിട്ടപ്പെടുത്തി കവറിൽ ഇട്ട് നൽകുവാൻ ഒരുക്കിവെച്ചിരിക്കണം.
(v) വീട് വെഞ്ചിരിപ്പ് സമയം കുടുംബാംഗങ്ങൾ ഏവരും ഉണ്ടായിരിക്കുന്നത് ഉചിതം.
(vi) ഹന്നാൻ വെള്ളം നിറച്ച കറാപ്പ് കൃത്യമായി വയ്ക്കേണ്ടതാണ്.
(vii) ഇടവക പ്രാർത്ഥന പുസ്തകം നിർബന്ധമായും എല്ലാ വീടുകളിലും ഉണ്ടായിരിക്കേണ്ടതാണ്.

| *തിയ്യതി* | *കുടുംബകൂട്ടായ്മകൾ* |
|---|---|
| ജൂൺ 1, 2 (തിങ്കൾ, ചൊവ്വ) | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ജൂൺ 3, 4, 5 (ബുധൻ, വ്യാഴം, വെള്ളി) | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ജൂൺ 8, 9, 10, 11 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) | മേരിമാത കുടുംബകൂട്ടായ്മ |
| ജൂൺ 15, 16, 17, 18 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ജൂൺ 22, 23, 24 (തിങ്കൾ, ചൊവ്വ, ബുധൻ) | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജൂൺ 25, 29, 30 (വ്യാഴം, തിങ്കൾ, ചൊവ്വ) | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |

പ്രത്യാശവെയ്ക്കുന്ന ഹൃദയത്തിൽ യഥാർത്ഥ സന്തോഷം ഒരിക്കലും അണഞ്ഞുപോകുകയില്ല.


ഫ്രാൻസിസ് മാർപാപ്പ പറയുമായിരുന്നു "സന്തോഷം വിശുദ്ധിയുടെ അടയാളമാണ്". ദൈവത്തെ സ്നേഹിക്കുന്ന ഒരു ഹൃദയം മറ്റുള്ളവരിലേക്കും സന്തോഷം പകരും. മദർ തെരേസ പറഞ്ഞ മനോഹരമായ വാക്കുകൾ ഇങ്ങനെയാണ്. "Peace begins with a smile". ഒരു പുഞ്ചിയിരിൽ നിന്നാണ് സമാധാനവും സ്നേഹവും ആരംഭിക്കുന്നത്. അതുപോലെ Charlie Chaplin പറഞ്ഞിട്ടുണ്ട് "A day without laughter is a day waster". ചിരിയില്ലാത്ത ഒരു ദിവസം നഷ്ടപ്പെട്ട ദിവസമാണെന്ന്. ആ വാക്കുകൾ നമ്മുടെ ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കുന്നു.

നമ്മുടെ മുഖത്തെ പുഞ്ചിരി, നമ്മുടെ വാക്കുകളിലെ സ്നേഹം, നമ്മുടെ പ്രവൃത്തികളിലെ കരുണ ഇവയൊക്കെയാണ് ക്രിസ്തുവിന്റെ സാന്നിധ്യം ലോകത്തറിയിക്കുന്ന ചെറിയ പ്രകാശങ്ങൾ. പലപ്പോഴും നമുക്ക് വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കണമെന്നില്ല; പക്ഷേ ഒരു നല്ല വാക്ക്, ഒരു ആശ്വാസപൂർണ്ണ പുഞ്ചിരി, ഒരു സ്നേഹസ്പർശം ഇവ മറ്റൊരാളുടെ ജീവിതം തന്നെ മാറ്റിമറിക്കാം. മഹാത്മാഗാന്ധി പറഞ്ഞതുപോലെ "Where there is love there is life". സ്നേഹമുള്ളിടത്ത് ജീവിതമുണ്ട്, ആ സ്നേഹത്തിന്റെ ഏറ്റവും മനോഹരമായ ഭാഷയാണ് ഒരു പുഞ്ചിരി.

ഇന്നത്തെ ലോകത്തെ മനുഷ്യർ ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഉള്ളിലെ സന്തോഷം നഷ്ടപ്പെടുന്നവരാണ് പലരും. അതുകൊണ്ട് നമുക്ക് നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും സന്തോഷത്തിന്റെ വിത്തുകൾ വിതറാം. ദുഃഖത്തിലായിരിക്കുന്നവരെ ചേർത്തുപിടിക്കാം, നിരാശരായവരിൽ പ്രത്യാശ ഉണർത്താം, ഒറ്റപ്പെട്ടവരുടെ ജീവിതത്തിൽ ഒരു പുഞ്ചിരിയുടെ വെളിച്ചമാകാം. കാരണം, നാം മറ്റൊരാളുടെ മുഖത്ത് വിരിയിക്കുന്ന പുഞ്ചിരി ദൈവത്തിന് അർപ്പിക്കുന്ന ഏറ്റവും മനോഹരമായ പ്രാർത്ഥനകളിലൊന്നാണ്.

ജീവിതം എത്ര പ്രയാസകരമായാലും, പുഞ്ചിരിക്കാൻ മറക്കരുത്, നമ്മൾ സന്തോഷത്തോടെ ജീവിക്കുമ്പോൾ ലോകവും കൂടുതൽ മനോഹരമാകും. അതുകൊണ്ട് നമുക്ക് പുഞ്ചിരിക്കാം. സന്തോഷത്തോടെ ജീവിക്കാം, മറ്റുള്ളവരുടെ ജീവിതത്തിലും സന്തോഷത്തിന്റെ പൂക്കൾ വിരിക്കാം. "പുഞ്ചിരിയാകട്ടെ നമ്മുടെ വിശുദ്ധിയുടെ ഭാഷ"

ഒത്തിരി സ്നേഹത്തോടെ ഡീക്കനച്ചൻ....






**പി. എ. ലില്ലി**
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? അവധിക്കാലം കഴിഞ്ഞ് പുതിയ ക്ലാസിലേക്ക് പ്രവേശിക്കാൻ തയ്യാറായിരിക്കുകയാണ് എല്ലാവരും എന്നറിയാം. ആശംസകൾ നേർന്നുകൊള്ളുന്നു.

പുതിയ വർഷം, പുതിയ പുസ്തകങ്ങൾ, പുതിയ അധ്യാപകർ, പുതിയ കൂട്ടുകാർ, പുതിയ പ്രതീക്ഷകൾ, പുതിയ ഒരു കാൽവെയ്പ്. ചിലർക്ക് പുതിയ കോഴ്സുകളിലേക്കും പുതിയ സ്ഥാപനങ്ങളിലേക്കുമുള്ള മാറ്റമാണ്. ജീവിതത്തിലെ പുതിയ വഴിത്തിരിവാണ്. ജീവിതം എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നതിനുള്ള സമയം കൂടിയാണ്. വിവേകത്തോടെ തെരഞ്ഞെടുക്കാൻ ശ്രമിക്കണം. ദൈവാനുഗ്രഹം വളരെ അത്യാവശ്യമായിട്ടുള്ള സമയമാണ്. അതിനുവേണ്ടി പ്രാർത്ഥിക്കുക. അതോടൊപ്പം കഴിഞ്ഞ വർഷം തന്ന അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പറയാം. കഴിഞ്ഞ വർഷം സംഭവിച്ച പിഴകൾക്ക് ആത്മാർത്ഥമായി മാപ്പുപറയാം. ഇനിയും അത് ആവർത്തിക്കാതിരിക്കാൻ ശ്രമിക്കാം.

എല്ലാവർക്കും പുതിയ വർഷത്തിന്റെ
ആശംസകൾ നേർന്നുകൊണ്ട്
സ്നേഹത്തോടെ
ലില്ലി ടീച്ചർ

## ഞങ്ങൾ ഒന്നായ്



- ഈ ഇടവക മേരിമാത കുടുംബകൂട്ടായ്മ
ചുങ്കത്ത് രാജു + ബിന്ദു മകൻ **പോൾ**
തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ഇടവക എരിഞ്ചേരി ജോജോൺ + ബിജി മകൾ **ലില്ല്യ**




# സഭാ വാർത്തകൾ

**എഐ പുതിയ 'ബാബേൽ ഗോപുരമാകരുത്'; മുന്നറിയിപ്പുമായി ലിയോ പാപ്പയുടെ ആദ്യ ചാക്രികലേഖനം**

വത്തിക്കാൻ സിറ്റി: എഐ മനുഷ്യകുലത്തെ ഭരിക്കാൻ അനുവദിക്കരുതെന്ന ശക്തമായ മുന്നറിയിപ്പുമായി ലിയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യ ചാക്രികലേഖനം 'മാഗ്നിഫിക്ക ഹ്യുമാനിറ്റാസ്' പുറത്തിറങ്ങി. എഐയെ നിരായുധീകരിക്കണമെന്നും നിരായുധീകരിക്കുക എന്നാൽ ആ സാങ്കേതികവിദ്യയെ നിരാകരിക്കുകയല്ല മറിച്ച് അത് മനുഷ്യകുലത്തെ ഭരിക്കുന്നില്ലെന്ന് ഉറപ്പാക്കുകയാണെന്നും അർത്ഥശങ്കയ്ക്കിടയില്ലാതെ ചാക്രികലേഖനത്തിൽ പറയുന്നു. 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുഗത്തിൽ മനുഷ്യവ്യക്തിയെ സംരക്ഷിക്കുന്നതിനെക്കുറിച്ച്' എന്ന ഉപശീർഷകത്തോടെയുള്ള ഈ ചാക്രികലേഖനം, ഏതാനും വൻശക്തികളുടെയും കോർപ്പറേറ്റുകളുടെയും കൈകളിൽ എഐ കേന്ദ്രീകരിക്കുന്ന നിലവിലെ സാഹചര്യത്തിൽ കാലഘട്ടത്തിനുള്ള ശക്തമായ ദൂതാണ്.

**95-ാം വയസിൽ പൗരോഹിത്യത്തിന്റെ 70-ാം വാർഷികം ആഘോഷിച്ച് ഇരട്ടസഹോദരങ്ങൾ**

ഒരേ ദിവസം ജനനം. ഒരേ ലക്ഷ്യത്തോടെയുള്ള പഠനം. ഒടുവിൽ ഒരേ വർഷം ദൈവവിളി സ്വീകരിച്ച് പൗരോഹിത്യം സ്വീകരിച്ച ഇരട്ടസഹോദരങ്ങൾ അപൂർവനേട്ടത്തിൽ! ഇരട്ടസഹോദരങ്ങൾ ഇരട്ടി മധുരമാണെന്ന് പറയാറുണ്ട്, എന്നാൽ അയർലണ്ടിൽ നിന്നുള്ള ഫാ. ജോ കെല്ലി, ഫാ. മാറ്റ് കെല്ലി എന്നീ ഇരട്ട സഹോദരന്മാർ തങ്ങളുടെ ജീവിതംകൊണ്ട് കാണിച്ചുതരുന്നത് ഇരട്ടി ദൈവഭക്തിയുടെയും സമർപ്പണത്തിന്റെയും അത്ഭുതപ്പെടുത്തുന്ന കഥയാണ്. തൊണ്ണൂറ്റഞ്ചാം വയസ്സിൽ, പൗരോഹിത്യ ജീവിതത്തിന്റെ എഴുപതാം വാർഷികം ഒരുമിച്ച് ആഘോഷിക്കുകയാണ് ഈ വൈദിക സഹോദരങ്ങൾ! 1931 മാർച്ച് 31-ന് ബ്ലാക്കുഡിനടുത്തുള്ള കൂൾകാറിഗണിലാണ് ജോയും മാറ്റും ജനിച്ചത്. അമ്മ അധ്യാപികയായിരുന്ന തിമാഹോയിലെ പ്രൈമറി സ്കൂളിലായിരുന്നു ഇരുവരുടെയും പ്രാഥമിക വിദ്യാഭ്യാസം. പിതാവിന് ആ പ്രദേശത്ത് ഒരു പലചരക്ക് കട ഉണ്ടായിരുന്നു. കുട്ടിക്കാലം മുതൽക്കേ തങ്ങളുടെ ഉള്ളിൽ മൊട്ടിട്ട ആഗ്രഹമായിരുന്നു പൗരോഹിത്യം എന്ന് ഫാ. ജോ ഓർക്കുന്നു.


Solemn Holy
Communion
Amal Joe
Alappat
S/o. Joepaul V Alappat
Alappat House
Thrissur Road, Kunnamkulam





# Solemn Holy Communion



## *Johannson K. Johan*

**S/o. Johan K.J. & Anu Johny**
Kuriyappassey House
Janamythri Line
Near Kakkad Temple - Kunnamkulam

---

*Sharing Happiness :* ***Jewelynn and Jennifferinn***



# "YOU ARE MY WITNESSES"

Joyce Thomson

"But you will receive power, when the Holy Spirit has come upon you; and you will be my witnesses in Jerusalem, Judea, Samaria and to the ends of the earth". (Act 1: 8).

"This Jesus, God raised up and of that all of us are witnesses" (Acts 2: 32).

"But you rejected the Holy one of Israel and righteous One and asked to have a murderer given to you, and you killed the author of Life whom God raised from the dead. To this we are witnesses"

The apostles are witnesses of Jesus' death , resurrection and ascension. St Peter says "we have been eyewitness of His Majesty" (2 Peter 1:16). One who meets Jesus is his witness. No one else can become his witness. During the transfiguration in Tabore, Peter, James and John saw Jesus' face shines like sun and clothes became dazzling white. They heard a voice from the cloud. "This is my beloved son whom I am well pleased; listen to Him" This incident is testified by Peter (2 Peter 1: 16-18).

We Christians are called to be the witnesses of our Lord. During the Charismatic retreats we have seen many people who met the Lord. Anyone who meets Jesus is His witness. "We declare to you what we have seen and heard" (1 John 3). So each one of us must have a encounter with Jesus to be His witness. St Paul had an encounter with Jesus on the road to Damascus. When we go through New Testament Saccaeus, Samaritan woman, Nicodemus etc…had a life changing revelation and transformation when they met the Lord. Once we meet Jesus we cannot but become His disciples. Acts 1:8 promises the power of the Holy Spirit. Peter said to them "repent, and let every one of you be baptized in the name of Jesus for the remission of sins: and you will receive Holy Spirit".

"…….How much more will your Father in Heaven give the Holy Spirit to those who ask Him" ( Luke 11: 13). But it is not at all

earned but granted according to our desire and thirst. We can attain this upper room experience through Holy Mass, Personal prayer, fellowship and Bible reading. "They devoted themselves, to the Apostles teaching and fellowship, to the breaking of the Bread and prayers" (Acts 2:42). An invitation to spiritual refreshments is seen in Isaiah 55:1-3, " all you people who are thirsty, come! Here is water for you to drink. Don't worry if you have no money. Come! eat and drink until you are full. You don't need money. The milk and wine are free".

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം



മേരിമാതാ കുടുംബകൂട്ടായ്മ വാർഷികം മെയ് 3 ഞായറാഴ്ച സെഹിയോൻ ശാലയിൽ സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കുടുംബകൂട്ടായ്മ പ്രസിഡണ്ട് രാജു ബി. ചുങ്കത്ത് അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ. ഫാ. ഡെയ്സൻ മുണ്ടോപുറം യോഗം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് അഞ്ചൽ ആനന്ദൻ സ്വാഗതവും, സെക്രട്ടറി ആനന്ദി സുനിൽ വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു.

സിസ്റ്റർ ജിൻസി മരിയ അനുഗ്രഹ പ്രഭാഷണവും, ഇടവക കൈക്കാരൻ വർഗ്ഗീസ് ആന്റണി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനറും, സെന്റ് തോമസ് കൂട്ടായ്മ പ്രസിഡണ്ടുമായ ലിയോൺ ജോർജ്ജ്, പ്രതിനിധിയോഗം സെക്രട്ടറിയും, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രതിനിധിയുമായ തോംസൺ തച്ചിൽ ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ. വി.സി. ജോസി, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പേൾജു ബി. ചുങ്കത്ത്, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് കെ.ജെ. ജെയ്സൺ, സെന്റ് ആന്റണി കുടുംബകൂട്ടായ്മ ട്രഷറർ പി.ആർ. സജി, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകളും നേർന്ന് സംസാരിച്ചു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പുവർ ഫണ്ടിലേക്ക് സംഭാവന നൽകി.

യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും കലാപരിപാടികളും സമ്മാനദാനവും സ്നേഹവിരുന്നും ഉണ്ടായിരുന്നു. വാർഷിക ആഘോഷത്തിൽ വൈസ് പ്രസിഡണ്ട് പി.ജെ. ടോണി നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ ജോഫി ജോസഫ് സ്വാഗതം പറഞ്ഞു.
2. ഏപ്രിൽ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഇടവക ചെറിയ തിരുനാൾ രൂപരേഖ ജനറൽ കൺവീനർ പേൾജു ബി. ചുങ്കത്ത് അവതരിപ്പിച്ചു പാസ്സാക്കി.
5. കൈക്കാരൻ കെ.എൽ. ലോയ്ഡ് നന്ദി പറഞ്ഞു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 07-06-2026 | 3.00 pm | സെന്റ് ജോസഫ് | എടപ്പുള്ളി ചാക്കോ രാജു (നെഹ്റു നഗർ 9th അവന്യു) |
| 07-06-2026 | 4.00 pm | മേരിമാതാ | കാഞ്ഞിരത്തിങ്കൽ ദേവസ്സി ജോയ് (ഇന്ദിരാ നഗർ 1st അവന്യു) |
| 14-06-2026 | 3.00 pm | സെന്റ് ആന്റണി | പുന്നത്തുകളം താമി ജോവാക്കിം (മുനിമടക്ക് സമീപം, കക്കാട്) |
| 14-06-2026 | 4.00 pm | സെന്റ് തോമസ് | കാച്ചപ്പിള്ളി അഗസ്റ്റിൻ വർഗ്ഗീസ് (രാജധാനി കോർണർ, വൈശേരി) |
| 21-06-2026 | 3.00 pm | സെന്റ് ജോർജ്ജ് | എടപ്പുള്ളി ജോസ് അജി (സീനിയർ ഗ്രൗണ്ടിന് സമീപം) |
| 21-06-2026 | 4.00 pm | സെന്റ് സേവ്യർ | മഠത്തിപ്പറമ്പിൽ റപ്പായി തോമസ് (ചൈതന്യസ്കൂളിന് സമീപം, കുറുക്കൻപാറ) |

### യാത്രാമംഗളങ്ങൾ



**സിസ്റ്റർ ഗ്ലാഡിസ് CMC**

കോലഴി ഹോളിട്രിനിറ്റി കോൺവെന്റിലേക്ക് സ്ഥലംമാറിപോയ സിസ്റ്റർ ഗ്ലാഡിസ് CMCക്ക്

യാത്രാമംഗളങ്ങൾ

### സ്വാഗതം



**സിസ്റ്റർ ജിൻസി മരിയ CMC**

കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റിൽ നിന്നും നമ്മുടെ ഇടവകയിലേക്ക് സേവനം ചെയ്യാൻ കടന്നുവരുന്ന സിസ്റ്റർ ജിൻസി മരിയ CMCക്ക്



**സിസ്റ്റർ ഹിമ റോസ് CMC**

ചുണ്ടൽ സാൻതോം കോൺവെന്റിൽനിന്നും നമ്മുടെ ഇടവകയിലേക്ക് സേവനം ചെയ്യാൻ കടന്നുവരുന്ന സിസ്റ്റർ ഹിമ റോസ് CMCക്ക്

ഇടവകയിലേക്ക് സ്വാഗതം



# വൃക്കദാനം അപകടകരമാണോ?

ഡോ. പോൾ സി. റാഫേൽ

ഇരുവൃക്കകളുടേയും സ്ഥിരമായ സ്ഥംഭനാവസ്ഥ മൂലം ഡയാലിസിന് വിധേയരാകുന്ന രോഗികളുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിൽ തന്നെ ലക്ഷകണക്കിന് ഡയാലിസിസ് രോഗികളുണ്ട്. ഈ രോഗത്തിന്റെ അവസാന ഘട്ടത്തിൽ ശാശ്വത പരിഹാരം വൃക്കമാറ്റിവെക്കൽ അഥവാ ട്രാൻസ്പ്ലാന്റ് ആണ്. കേരളത്തിൽ തന്നെ പതിനായിരക്കണക്കിന് രോഗികൾ വൃക്കമാറ്റിവെക്കലിന് വേണ്ടിയുള്ള വെയ്റ്റിംഗ് ലിസ്റ്റിലുണ്ട്.

**വൃക്കമാറ്റിവെക്കലിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണ്?**

വൃക്കയുടെ ലഭ്യതക്കുറവ് തന്നെയാണ് പ്രധാന തടസ്സം. നിലവിലുള്ള നിയമം അനുസരിച്ച് വൃക്ക സ്വീകരിക്കാവുന്നത് മൂന്നു തരത്തിലാണ്.

1) രോഗിയുടെ ബന്ധത്തിലുള്ളവർ

2) പ്രതിഫലം ഇച്ഛിക്കാതെ സഹജീവിയോടുള്ള കാരുണ്യംകൊണ്ട് സ്വമേധയാ അവയവദാനത്തിനു മുന്നോട്ടുവരുന്നവർ.

3) മസ്തിഷ്കമരണം സംഭവിച്ചവർ

രക്തഗ്രൂപ്പിന്റെ ചേർച്ചയാണ് ദാതാവിനെ തിരഞ്ഞെടുക്കുന്നതിൽ ഏറ്റവും പ്രധാന ഘടകം. ജീവിതശൈലി രോഗങ്ങൾ സർവസാധാരണമായതോടുകൂടി പൂർണാരോഗ്യമുള്ള ദാതാക്കളെ ലഭിക്കുന്നത് പ്രയാസമായിരിക്കുന്നു.

**വൃക്കദാനം അപകടകരമാണോ?**

തീർച്ചയായും അല്ല. വൃക്കദാതാവിനെ അനേകം ടെസ്റ്റുകൾക്ക് വിധേയരാക്കാറുണ്ട്. അത് സ്വീകർത്താവിനു വൃക്ക അനുയോജ്യമാകും എന്ന് ഉറപ്പിക്കുക മാത്രമല്ല, ദാതാവിന് അവയവദാനം ചെയ്യുന്നത് കൊണ്ട് ഭാവിയിൽ ഒരു ഭവിഷ്യത്തുകളും ഉണ്ടാവുന്നില്ല എന്ന് ഉറപ്പിക്കാനും വേണ്ടി കൂടിയാണ്. ഓപ്പറേഷൻ സമയത്ത് സങ്കീർണത ഉണ്ടാവില്ല എന്ന് ഉറപ്പിക്കാൻ ഡോക്ടർമാരുടെ ഒരു പാനൽ ദാതാവിനെ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു.

**വൃക്ക എടുക്കുന്നത് മേജർ സർജറി ആണോ?**

രണ്ട് രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന ശസ്ത്രക്രിയയി

ലൂടെയാണ് വൃക്ക ദാതാവിൽ നിന്ന് വേർപ്പെടുത്തി എടുക്കുന്നത്. മൂന്നുതരത്തിൽ വൃക്ക നീക്കം ചെയ്യാം.

1) വയറു കീറിയുള്ള സർജറി അഥവാ ഓപ്പൺ നെഫ്രക്ടമി.

2) താക്കോൽദ്വാര ശസ്ത്രക്രിയ അഥവാ ലാപ്രോസ്കോപ്പിക് നെഫ്രക്ടമി.

3) റോബോട്ടിക് അസിസ്റ്റഡ് നെഫ്രക്ടമി

ലാപ്രോസ്കോപ്പിക്, റോബോട്ടിക് സർജറിക്ക് വിധേയരാകുന്ന ദാതാക്കൾക്ക് ഓപ്പറേഷനു ശേഷമുള്ള വേദന വളരെ കുറവാണ്. മൂന്നാം ദിവസം കഴിയുമ്പോൾ ഡിസ്ചാർജ്ജ് ആവുകയും ഒരാഴ്ചക്കുശേഷം വിശ്രമം അവസാനിപ്പിക്കുകയും ചെയ്യാം.

**വൃക്കദാതാവിന് സാധാരണ ജീവിതം സാധിക്കുമോ?**

തീർച്ചയായും ഒരു വൃക്ക മാത്രമാവുമ്പോൾ അതിന് രണ്ടു വൃക്കകളുടേയും ജോലി ചെയ്യാനുള്ള കഴിവ് സ്വയമേവ നേടുന്നത്കൊണ്ട്, ദാതാക്കൾക്ക് സാധാരണ ജീവിതം പ്രാപ്യമാണ്. വൃക്ക ദാനത്തിനുശേഷം സ്ത്രീകൾക്ക് ഗർഭധാരണവും പ്രസവവുമെല്ലാം മറ്റേതൊരാളുടേതുപോലെതന്നെ സാധ്യമാണ്.

**ദാതാവ് സ്ഥിരമായി മരുന്നുകൾ കഴിക്കേണ്ടിവരുമോ?**

ഇല്ല, ഡിസ്ചാർജ്ജിനു ശേഷം മരുന്നുകളുടെ ആവശ്യം ഇല്ല.

വൃക്കദാനം ഏറ്റവും മഹത്തരമായ ഒരു ദാനമാണ്. ജീവിത യാത്രയിൽ പെട്ടെന്ന് നിരാലംബരായി പോകുന്ന നമ്മുടെ സഹജീവികളോട് ചെയ്യാവുന്ന ഏറ്റവും വലിയ ഒരു പുണ്യപ്രവൃത്തി.

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപതയിലെ വൈദികൻ

**റവ. ഫാ. പോൾ കാപ്പാനി അച്ചന്**

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക സമൂഹത്തിന്റേയും, ടച്ച് – മീയുടെയും

**ആദരാഞ്ജലികൾ...**

## മിഴിവിളക്ക്

# കാവൽ മാലാഖ

### 19. ലോയ്‌വിയാ : "പാപികളെ ശ്രവിക്കുന്ന ദൈവം"
### (ജൂൺ 22-26 കാലയളവിൽ ജനിച്ചവർക്ക്)

ഈ ലോകത്തെ ഏദൻ തോട്ടമായി പുനഃനിർമിക്കുന്നതാരെന്ന് നമ്മെ അറിയിക്കുന്നരാണ് ഈ ദൂതൻ. സ്വർഗ്ഗത്തിന്റെ ഒരു മുന്നാസ്വാദനം ലോയ്‌വിയാ നമുക്കു തരുന്നു. ജനങ്ങളെ ബോധമുള്ളവരും വിവേചനാശീലരും ജാഗ്രതയുള്ളവരും ആദരണീയരും അന്തസ്സുറ്റവരും പ്രതികൂല സാഹചര്യങ്ങളിൽ അവരെ ആനന്ദവാന്മാരുമാക്കാൻ ഈ ദൂതൻ ആഗ്രഹിക്കുന്നു. തനിക്ക് നേടിയെടുക്കേണ്ടവ ഏതൊക്കെയാണെന്നും തനിക്ക് നേടാനാവാത്തത് ഏതാണെന്നും അദ്ദേഹം വഴി വ്യക്തമായൊരു ചിത്രം ലഭിക്കും. ഇതുവഴി അവർക്ക് തങ്ങളുടെ അഭിലാഷങ്ങളെ സന്തുലനാവസ്ഥയിൽ സൂക്ഷിക്കാൻ സാധിക്കുന്നു. എല്ലാം മുൻകൂട്ടികാണാനും സാധ്യതകളെ കൃത്യമായി തിരിച്ചറിയാനും സാധിക്കുന്നതിനാൽ അവർ തീരുമാനിച്ചുറപ്പിച്ചുവയ്‌ക്കെല്ലാം സന്തോഷകരമായ പര്യവസാനം ഉണ്ടാകും. അവരിൽ സമ്പത്തും സമൃദ്ധിയും ധാരാളമുണ്ടാക്കുകയും ചെയ്യും.

പ്രാർത്ഥന : മോശമായ കാര്യങ്ങളെക്കുറിച്ചുള്ള എന്റെ എല്ലാവിധ ഓർമ്മകളെയും ശുദ്ധീകരിച്ചാലും, ദുഃസ്വപ്നങ്ങളും മോശം ചിന്തകളും നീക്കി എന്റെ ആശയങ്ങളെ വ്യക്തതയുള്ളതാക്കണമേ. ഞാൻ ചിന്തകൾ പങ്കുവെയ്ക്കുമ്പോൾ എന്റെ സഹോദരർക്ക് നിത്യാനന്ദം പ്രസരിക്കുന്ന ഭാവിലോകത്തെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാകുമാറാകട്ടെ. ഓ ലോയ്‌വിയാ, ഭൗതികയാഥാർത്ഥ്യവും ഭാവനയും തമ്മിൽ സന്തുലനം നിലനിർത്താൻ സഹായിച്ചാലും അതുവഴി ഇപ്പോൾ മനുഷ്യന് അപ്രാപ്യമായ ലോകത്തെ സജ്ജമാക്കാൻ എനിക്കു സാധിക്കട്ടെ.

ഉപദേശം : നിന്റെ വ്യക്തിത്വത്തിന് പുതിയൊരു ശാസ്ത്രചിന്തയും കലയിലൂടെ പുതിയൊരു ആത്മീയതയും പ്രകടിപ്പിക്കാനാകുമാറ് നീ എന്നോടൊപ്പമായിരിക്കും. ഞാൻ നിനക്ക് മഹത്തായ സംവേദനക്ഷമത തന്നിരിക്കുന്നു. അതുവഴി, വരാനിരിക്കുന്ന ലോകത്തിന്റെ സൗന്ദര്യം അനുഭവിച്ച് മറ്റുള്ളവർക്ക് വിശദീകരിച്ചുകൊടുക്കാൻ നിനക്കാവും.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം



# സ്മരണാഞ്ജലി

## 14-ാം ചരമവാർഷികം



# കല്ലച്ചൻമുറി പൈലി
# ജോർജ്ജ്

ജനനം :
24 – 05 – 1945

മരണം :
19 – 06 – 2012

കല്ലച്ചൻമുറി ഹൗസ്
ലോവർ ബസാർ
ചിറളയം
കുന്നംകുളം

---

*സന്തപ്ത കുടുംബാംഗങ്ങൾ*


സ്വാഗതം
ഡീക്കൻ മിനിസ്ട്രിക്കായി
മെയ് 22 മുതൽ നമ്മുടെ
ഇടവകയിലേക്ക് കടന്നുവന്ന
ഡീക്കൻ ജോബിൻ നടയ്ക്കൽ CSTക്ക്
ഇടവകയിലേക്ക് സ്വാഗതം
പാസ്റ്ററൽ മിനിസ്ട്രിക്കായി
ജൂൺ 7 മുതൽ നമ്മുടെ
ഇടവകയിലേക്ക്കടന്നുവന്ന
ബ്രദർ ജിജോ സ്കറിയ OFMന്
ഇടവകയിലേക്ക് സ്വാഗതം


21-ാം ചരമവാർഷികം
16 - 06 - 2026
വലിയവീട്ടിൽ
തോമ ഭാര്യ
സിസിലി
ജനനം
01-01-1941
മരണം
16-06-2005
പ്രാർത്ഥനാശംസകളോടെ...
മക്കൾ : ഉഷ, ഗ്രേസി, ബാബു
വർഗ്ഗീസ് ഡോയി, സണ്ണി

# സെന്റ് ആന്റണി കുടുംബകൂട്ടായ്മ വാർഷികം





കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക സെന്റ് ആന്റണി കുടുംബകൂട്ടായ്മ വാർഷികം, മെയ് 17 ഞായറാഴ്ച, സെഹിയോൻ ശാലയിൽ സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. ഡെയ്സൻ മുണ്ടോപുറം യോഗം ഉദ്ഘാടനം ചെയ്തു. കുടുംബകൂട്ടായ്മ ട്രഷറർ പി.ആർ. സജി സ്വാഗതവും, സെക്രട്ടറി ലില്ലി ആന്റണി വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു.

സിസ്റ്റർ ഹിമ റോസ് സി.എം.സി. അനുഗ്രഹ പ്രഭാഷണവും, ഇടവക നടത്തുകൈക്കാരൻ ജോഫി ജോസഫ്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി ട്രഷററും, പ്രതിനിധി യോഗം സെക്രട്ടറിയുമായ തോംസൺ തച്ചിൽ, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പേൾജു ബി. ചുങ്കത്ത്, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് കെ.ജെ. ജെയ്സൺ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡന്റ് എം.എൽ മാണി, സെന്റ് തോമസ് കുടുംബകൂട്ടായ്മ സെക്രട്ടറി ജിനി ജെയ്മോൻ, മേരിമാത കുടുംബകൂട്ടായ്മ ട്രഷറർ പി.ജെ. ടോണി, ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകളും നേർന്ന് സംസാരിച്ചു. വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പൂവർ ഫണ്ടിലേക്ക് സംഭാവന നൽകി. കഴിഞ്ഞ വർഷം കുടുംബ കൂട്ടായ്മ സമ്മേളനങ്ങളിൽ മുടങ്ങാതെ പങ്കെടുത്തവരേയും, എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവരേയും യോഗത്തിൽ ആദരിച്ചു.

പ്രസ്തുത യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും വൈവിധ്യമാർന്ന കലാപരിപാടികളും, സ്നേഹവിരുന്നും സമ്മാനദാനവും ഉണ്ടായിരുന്നു. കുടുംബകൂട്ടായ്മ വൈസ് പ്രസിഡന്റ് ഫെമി ജോൺസൺ നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക ആഘോഷങ്ങൾ സമാപിച്ചു.

# സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷികം




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവക സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ വാർഷീകം, മെയ് 24 ഞായറാഴ്ച, സെഹിയോൻ ശാലയിൽ സമുചിതമായി ആഘോഷിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ കുടുംബകൂട്ടായ്മ പ്രസിഡന്റ് കെ.ജെ. ജെയ്സൺ അദ്ധ്യക്ഷത വഹിച്ചു. ഇടവക വികാരി റവ. ഫാദർ ഡെയ്സൻ മുണ്ടോപുറം യോഗം ഉൽഘാടനം ചെയ്തു. കുടുംബകൂട്ടായ്മ വൈസ് പ്രസിഡന്റ് അനീന ഷാജി സ്വാഗതവും, സെക്രട്ടറി ഹെന്ന റോബി വാർഷീക റിപ്പോർട്ടും അവതരിപ്പിച്ചു. ഡീക്കൻ ജോബിൻ നടക്കൽ CST അനുഗ്രഹ പ്രഭാഷണവും, സിസ്റ്റർ ഡെൽനറോസ്, ഇടവക നടത്തു കൈക്കാരൻ ജോഫി ജോസഫ്, കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനറും സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡന്റുമായ ലിയോൺ ജോർജ്ജ്, പ്രതിനിധി യോഗം സെക്രട്ടറി തോംസൺ തച്ചിൽ, ഭക്തസംഘടനഏകോപനസമിതി വൈസ് പ്രസിഡന്റ് വി.ജെ. സുനിൽ, സെന്റ് ജോസഫ് കുടുംബ കൂട്ടായ്മ വൈസ് പ്രസിഡന്റ് ജോസ്സി ഫ്രാൻസീസ്, സെന്റ് സേവിയർ കുടുംബകൂട്ടായ്മ സെക്രട്ടറി ബീന സജി, സെന്റ് ആന്റണി കുടുംബകൂട്ടായ്മ ട്രഷറർ പി.ആർ. സജി, മേരി മാത കുടുംബകൂട്ടായ്മ സെക്രട്ടറി ആനന്ദി സുനിൽ, ദേവാലയ ശ്രുശ്രൂഷി വി.എ. ഉല്ലാസൻ എന്നിവർ ആശംസകളും നേർന്ന് സംസാരിച്ചു.

വാർഷിക ആഘോഷത്തോടനുബന്ധിച്ച് കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഇടവകയിലെ പുവർ ഫണ്ടിലേക്ക് സംഭാവന നൽകി.

പ്രസ്തുത യോഗത്തിൽ മുതിർന്ന അംഗങ്ങളുടേയും, കുട്ടികളുടേയും വൈവിധ്യമാർന്ന കലാപരിപാടികളും, സ്നേഹ വിരുന്നും സമ്മാനദാനവും ഉണ്ടായിരുന്നു. കുടുംബകൂട്ടായ്മ ജോയിന്റ് സെക്രട്ടറി ഷോബി റൊണാൾഡ് നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷീക ആഘോഷങ്ങൾ സമാപിച്ചു.

# സംഘടനാ വാർത്തകൾ

**തിരുബാലസഖ്യം**

* മെയ് 1ന് ജോസഫ് നാമധാരികൾക്ക് ആദരം നൽകി.
* മെയ് 10ന് ഏയ്ഞ്ചൽസ് ഡേ നടത്തി. ആഘോഷമായി കുർബാന സ്വീകരണം കഴിഞ്ഞ കുഞ്ഞുങ്ങൾക്ക് രണ്ടാമത്തെ കുമ്പസാരവും പ്രാർത്ഥനയും നൽകാൻ നേതൃത്വം നൽകി.
* മെയ് 24ന് കുഞ്ഞുങ്ങൾക്കായി എഴുത്തിനിരുത്തൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.
* മെയ് 30ന് അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് അർദ്ധദിന ധ്യാനത്തിന് നേതൃത്വം നൽകി. തുടർന്ന് അഭിഷേക ശുശ്രൂഷയും വെഞ്ചിരിപ്പും നടത്തി.

**യൂത്ത് സി.എൽ.സി.**

* മെയ് 10ന് മിഷൻ അനുഭവം പങ്കുവെക്കലിന് നേതൃത്വം നൽകി. പങ്കുവെയ്ക്കാൻ ജഗദൽപൂർ രൂപതയിലെ റോയ് അച്ചനേയും 4 യുവജന പ്രതിനിധികളെയും സ്വാഗതം ചെയ്തു.
* മെയ് 17ന് സ്കൂൾ കിറ്റ് വിതരണം ഒരുക്കി നൽകാൻ നേതൃത്വം ചെയ്തു.

**പ്രാർത്ഥനാഗ്രൂപ്പ്**

* വെള്ളിയാചരണത്തിൽ പ്രാർത്ഥന കൂട്ടായ്മ, ആരാധന, കരുണ കൊന്ത, കുമ്പസാരം എന്നിവയ്ക്ക് നേതൃത്വം നൽകി.
* പന്തക്കുസ്ത തിരുനാൾ ദിനത്തിൽ പ്രാർത്ഥന ശുശ്രൂഷക്കും വി. കുർബാനക്കും നേതൃത്വം നൽകി.
* മെയ് 29ന് ഒൻപതാം വെള്ളിയാചരണത്തോടനുബന്ധിച്ച് ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല, കുമ്പസാരം എന്നിവയ്ക്ക് നേതൃത്വം നൽകി.

**അൾത്താരസംഘം**

* മെയ് 10 ഞായറാഴ്ച അൾത്താരസംഘ അംഗത്വ സ്വീകരണം നടത്തി.
* മെയ് 23 ശനിയാഴ്ച മൂന്നാമത് അൾത്താര സംഘ തീരദേശ ഫുട്ബോൾ ടൂർണ്ണമെന്റിൽ പങ്കെടുത്തു.
* മെയ് 24ന് ബെർക്കുമെൻസ് പരിശീലന കളരി നടത്തി

**ഗായകസംഘം**

* മെയ് 31ന് പരി. ത്രിത്വത്തിന്റെ തിരുനാളിനോടനുബന്ധിച്ച് പ്രാർത്ഥന ശുശ്രൂഷ, വി. കുർബാന, നേർച്ച വിതരണം എന്നിവയ്ക്ക് നേതൃത്വം നൽകി.

**മാതൃവേദി & ജൂനിയർ സി.എൽ.സി.**

* മെയ് 31ന് മേരി നാമധാരികൾക്ക് ആദരം നൽകി. കൂടാതെ വിവിധ മാതാവുകളെ പരിചയപ്പെടുത്തികൊണ്ടുള്ള നൃത്താവിഷ്കാരം മരിയൻ രാവിൽ അവതരിപ്പിച്ചു.

**കെ.എൽ.എം.**

* മെയ് 1 ന് തൊഴിലാളികൾക്കുള്ള പ്രാർത്ഥന അഭിഷേക ശുശ്രൂഷയ്ക്കും തൊഴിലാളികൾക്ക് ആദരം നൽകുന്നതിനും നേതൃത്വം നൽകി.
* മെയ് 3 ന് കെ.എൽ.എം. വാർഷികവും, കുടുംബയോഗവും നടത്തി. കൂടാതെ വാർഷികത്തോടനുബന്ധിച്ച് കാരുണ്യ സമർപ്പണം നടത്തി.

## വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ



ക്രൈസ്തവ സഭയിലെ രണ്ട് പ്രധാനപ്പെട്ട അപ്പസ്തോലന്മാരായ വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് എന്നിവരുടെ ഓർമ്മത്തിരുനാൾ എല്ലാ വർഷവും ജൂൺ 29 - നാണ് ആഗോളതലത്തിൽ ആഘോഷിക്കുന്നത്. സഭയുടെ രണ്ടു നെടുംതൂണുകളായി കരുതപ്പെടുന്ന ഇവരുടെ ജീവിതവും വിശ്വാസസാക്ഷ്യവും ഈ ദിനത്തിൽ വിശ്വാസികൾ അനുസ്മരിക്കുന്നു.

**ചരിത്ര പശ്ചാത്തലം: റോമിൽ നീറോ ചക്രവർത്തിയുടെ കാലത്ത് ക്രൈസ്തവർ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും, സുവിശേഷ പ്രസംഗത്തിന്റെ പേരിൽ പത്രോസിനെ തലകീഴായും പൗലോസിനെ വാളിനാലും രക്തസാക്ഷിത്വത്തിലേക്ക് നയിക്കുകയും ചെയ്തു. ഇവരുടെ ഭൗതികശരീരങ്ങൾ അടക്കം ചെയ്ത സ്ഥലങ്ങളിലാണ് പിന്നീട് വത്തിക്കാനിലെ വി. പത്രോസ് ബസിലിക്കയും സെന്റ് പോൾസ് ബസിലിക്കയും ഉയർന്നത്.**

സഭയുടെ പ്രകാശഗോപുരങ്ങൾ: പത്രോസ് യേശുവിന്റെ ആദ്യകാല ശിഷ്യന്മാരിൽ പ്രമുഖനും, പൗലോസ് വിജാതീയരുടെ അപ്പസ്തോലനുമാണ്. സഭയ്ക്ക് അടിസ്ഥാനമിട്ട ഇരുവരും ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകങ്ങളായി കണക്കാക്കപ്പെടുന്നു.


കേരളത്തിലെ ആചരണം: സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ കത്തോലിക്കാ സഭകളിലും, ഓർത്തഡോക്സ് - യാക്കോബായ സഭകളിലും ഈ തിരുനാൾ വളരെ പ്രാധാന്യത്തോടെ ആചരിക്കുന്നു. ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ദിവ്യബലിയും നൊവേനകളും നടക്കുന്നു.

21st Happy Anniversary
12-06-2026

# RAJESH ROCKY
# ROSHIO RAJESH

Thalakkottoor House
Guruvayur Road
Kunnamkulam

Sharing Happiness
: Dear & Near




ആഘോഷമായ
ദിവ്യകാരുണ്യ സ്വീകരണം 2026

# ഇടവക ആൽബം

മിഷൻ അനുഭവം പങ്കുവെയ്ക്കൽ



സ്കൂൾ കിറ്റ് വിതരണം



ഭിന്നശേഷി വിദ്യാർത്ഥികൾക്ക് കൈത്താങ്ങ്



അൾത്താരസംഘ അംഗത്വ സ്വീകരണം



എഴുത്തിനിരുത്തൽ ശുശ്രൂഷ



# ഇടവക ആൽബം

പ്രോലൈഫ് സ്കോളർഷിപ്പ് വിതരണം



കെ.എൽ.എം. വാർഷികദിനാഘോഷം



കെ.എൽ.എം. വാർഷികദിനാഘോഷം



ഒമ്പതാം വെള്ളി



അധ്യയന വർഷ ആരംഭം



ഏയ്ഞ്ചൽസ് ഡേ



# ഇടവക ആൽബം

അൾത്താരസംഘ കുന്നംകുളം ഫുട്ബോൾ ലീഗ്



മരിയൻ രാവ്



HUG യുവജന അർദ്ധദിന ധ്യാനം



വണക്കമാസം കാലംകൂടൽ



## വഴിവിളക്ക്

# 21-ാം നൂറ്റാണ്ടിലെ വിശുദ്ധർ

**വി. തെരേസ യൂസ്റ്റോക്കിയോ വെർസേരി**

| | |
|---|---|
| ജനനം | : 31 ജൂലൈ 1801 |
| മരണം | : 3 മാർച്ച് 1852 |
| വിശുദ്ധ പദവി | : 10 ജൂൺ 2001 |
| തിരുനാൾ | : 3 മാർച്ച് |

* ദൈവത്തെ അറിയാനും സ്നേഹിക്കാനും അമ്മയിൽനിന്നാണ് വിശുദ്ധ പഠിച്ചത്.
* ദൈവവിളി തിരിച്ചറിഞ്ഞപ്പോൾ ബെനഡിക്റ്റൈൻ മഠത്തിൽ ചേരുകയും പിന്നീട് വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.
* 1831ൽ "ഡോട്ടേഴ്സ് ഓഫ് ദി സേക്രഡ് ഹാർട്ട് ഓഫ് ജീസസ്" എന്ന സന്യാസിനി സമൂഹം സ്ഥാപിച്ചു.
* കാരുണ്യപ്രവർത്തനങ്ങൾക്കായി ജീവിതത്തിന്റെ മുഖ്യഭാഗവും വിശുദ്ധ മാറ്റിവെച്ചു.
* താൻ സ്ഥാപിച്ച സമൂഹത്തിന്റെ പുരോഗതിക്കായി വിശുദ്ധ അക്ഷീണം പ്രയത്നിച്ചു.
* "തിരുഹൃദയത്തിന്റെ സ്നേഹം നമുക്കായി ജ്വലിക്കുന്നതുപോലെ നമ്മളും മറ്റുള്ളവർക്കായി കത്തിജ്ജ്വലിക്കണം" എന്ന് വിശുദ്ധ പറയാറുണ്ടായിരുന്നു.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം




## അനുമോദനങ്ങൾ

ഏപ്രിൽ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**ചുങ്കത്ത് ബാബു ക്രിസ്റ്റിന്**

*ഇടവക കുടുംബത്തിന്റെ*
*അനുമോദനങ്ങൾ*



കോട്ടപ്പടി സെന്റ് ലാസേഴ്സ് ദേവാലയത്തിൽ
പുണ്യചരിതൻ
ബഹു. ചുങ്കത്ത് പാറേക്കാട്ട്
വറതച്ചന്റെ
112 – ാം ശ്രാദ്ധാഘോഷം
2026 ജൂൺ 08 തിങ്കളാഴ്ച
2026 ജൂൺ 1 മുതൽ 7 വരെ എല്ലാ ദിവസവും വൈകീട്ട് 6.00 ന്
അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്
ജൂൺ 8 ന് രാവിലെ 10.00 ന് സമൂഹബലി, കബറിടത്തിൽ ഒപ്പീസ്, ശ്രാദ്ധസദ്യ
അനുസ്മരണ ബലി, ശ്രാദ്ധസദ്യ, കാരുണ്യപ്രവർത്തനങ്ങൾ, കാർഷിക വിപണന മേള




Near Veterinary Hospital, **Pattambi Road, Kunnamkulam**. Tel: 9207 211078

**Thrissur Road, Kunnamkulam**. Tel: 9400211078

KM Trading, Abu Shagara, **Sharjah-UAE** P.B. No. 79625. T: 06-5570879 M: 00971564465704

**Call: +91 9207 211 078**






# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .................................... ഫോൺ നമ്പർ :................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Evan Johnson, Class : VI, St. Antony Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

ചിൽഡ്രൻസ് കോർണർ

# Art






SANIYA V.M.



AJNA JAMES



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**ഏയ്ഞ്ചൽ സി. ബിന്നി**

Std :III, St. Antony Kudumbakoottayma


*"അവധിക്കാലത്ത് കൃഷിനോക്കാൻ വന്നതാണോ ചേട്ടന്മാരേ...'*

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## ജൂൺ 2026 JUNE

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | 01<br>റോമാ 8:31–39<br>മർക്കോ 3:13–19<br>ഉത്പ 18:23–32<br>[illegible] 10:9–14<br>1 കോറി 1:18–25<br>ലൂക്കാ 12:2–8 | 02<br>വെളി 18:1–8<br>മർക്കോ 8:34–38 | 03<br>ഹെബ്രാ 10:11–18<br>ലൂക്കാ 14:25–35 | 04<br>ഉത്പ 14:17–20<br>മലാ 1:6–11<br>1 കോറി 11:23–30<br>മത്താ 26:17–29 | 05<br>ഹെബ്രാ 10:32–39<br>മർക്കോ 10:23–31 | 06<br>2 കോറി 3:1–6<br>യോഹ 10:31–42 |
| 07<br>പുറ 23:20–26<br>യോനാ 4:1–11<br>റോമാ 15:14–21<br>ലൂക്കാ 9:1–6 | 08<br>റോമാ 3:1–7<br>ലൂക്കാ 4:14–22<br>ഉത്പ 12:1–4, [illegible] 2:1–6<br>[illegible] 2:19–21<br>മത്താ 25:31–40 | 09<br>ശ്ലീഹ 19:11–20<br>[illegible] 17:14–21<br>നിയമ 26:16–19<br>[illegible] 45:1–5<br>റോമാ 5:1–5<br>മത്താ 5:13–20 | 10<br>വെളി 3:14–22<br>യോഹ 9:1–11 | 11<br>[illegible] 2:1–17<br>[illegible] 3:1–12<br>1 [illegible] 16:8–12<br>ശ്ലീഹ 11:21–26 (13:1–3, 21–26)<br>[illegible] 2:1–10<br>മത്താ 10:16–22 | 12<br>ഉത്പ 22:9–14<br>ഏശ 52:13–53:9<br>ഹെബ്രാ 10:19–24<br>യോഹ 19:31–37 | 13<br>ഉത്പ 17:15–22<br>ഏശ 7:10–16<br>ഹെബ്രാ 4:12–16<br>മർക്കോ 4:1–9<br>1 കോറി 2:1–10<br>ലൂക്കാ 10:1–9 |
| 14<br>പുറ 20:1–17<br>ഏശ 3:1–11<br>റോമാ 10:5–15<br>യോഹ 6:60–69 | 15<br>2 തിമോ 3:10–17<br>മർക്കോ 4:10–20 | 16<br>ഹെബ്രാ 8:7–13<br>യോഹ 6:41–46 | 17<br>എഫേ 6:10–20<br>യോഹ 14:21–24 | 18<br>ശ്ലീഹ 5:12–20<br>യോഹ 17:1–8 | 19<br>യാക്കോ 1:19–27<br>ലൂക്കാ 6:46–49 | 20<br>വെളി 3:7–13<br>യോഹ 5:19–24 |
| 21<br>പുറ 7:1–6<br>ജെറ 11:18–23<br>2 കോറി 4:7–18<br>മത്താ 10:16–33 | 22<br>1 പത്രോ 2:18–25<br>യോഹ 15:18–27<br>1 പത്രോ 4:12–19<br>മത്താ 10:16–22 | 23<br>2 തെസ 1:3–10<br>യോഹ 16:1–7 | 24<br>1 പത്രോ 3:13–19<br>യോഹ 12:20–28<br>2 സാമു 12:1–10<br>ജെറ 1:4–10,16–19<br>മലാ 4:1–7,<br>ലൂക്കാ 1:57–66 | 25<br>2 കോറി 10:1–6<br>ലൂക്കാ 13:3–35 | 26<br>ഫിലി 1:27–30<br>ലൂക്കാ 12:4–12 | 27<br>റോമാ 8:18–25<br>ലൂക്കാ 21:12–19<br>പുറ 28:28–30<br>മലാ 2:4–7<br>2 തിമോ 3:14–17<br>യോഹ 14:26–30 |
| 28<br>ലേവ്യ 8:1–13<br>ഏശ 6:1–8<br>1 കോറി 1:26–31<br>മത്താ 9:27–38 | 29<br>ശ്ലീഹ 1:15–26<br>ലൂക്കാ 6:12–19 | 30<br>2 തെസ 2:13–17<br>യോഹ 17:9–19 | 01<br>റോമാ 12:3–13<br>ലൂക്കാ 1:39–45 | 02<br>റോമാ 15:7–13<br>ലൂക്കാ 10:17–22 | 03<br>തോബി 11:1–17<br>ഏശ 35:1–10<br>ശ്ലീഹ 3:1–10<br>യോഹ 16:19–24 | 04<br>റോമാ 14:1–9<br>മർക്കോ 13:9–13<br>റോമാ 12:9–16<br>ലൂക്കാ 1:39–45 |


Solemn Holy
Communion
Jonath
Jofee
S/o. Jofee Josep & Dr. Haniny Jofee
Olakkengil House
Nehru Nagar, Kunnamkulam
Best Compliments From : Johan Jofee & Joshua Jofee

# സ്മരണാഞ്ജലി



**42-ാം ചരമവാർഷികം**
29-06-2026

**1-ാം ചരമവാർഷികം**
07-06-2026





**പൊറത്തൂർ പള്ളിക്കുന്നത്ത്**
**വാറുണ്ണി**

## ജോണി

**തൃശൂർ റോഡ്, കുന്നംകുളം**

**പൊറത്തൂർ പള്ളിക്കുന്നത്ത്**
**ജോണി ഭാര്യ**

## സിസിലി

**തൃശൂർ റോഡ്, കുന്നംകുളം**

പ്രാർത്ഥനാപൂർവ്വം :
**മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM